"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പിഎംഎവൈ (നഗരം)-ലൈഫ് പദ്ധതി - സെൻട്രൽ സാങ്ഷനിംഗ് & മോണിറ്ററിംഗ് കമ്മിറ്റി (സി.എസ്.എം.സി) അംഗീകാരം നൽകിയ കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡു 2925 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്**

സ.ഉ.(സാധാ) നം.262/2022/LSGD തീയതി,തിരുവനന്തപുരം, 07-02-2022

---

പരാമർശം:-

1. സ ഉ (സാധാ) നം. 2160/2020/തസ്വഭവ തീയതി 17/11/2020
2. കേന്ദ്ര ഭവന നഗര കാര്യ മന്ത്രാലയത്തിന്റെ 31/12/2021 തീയതിയിലെ എൻ-11011/20/2020 എച്ച്എഫ്എ III-UD (9091212) നമ്പർ ഉത്തരവ്
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10/01/2022 തീയതിയിലെ 415/N/2021/KSHO നമ്പർ കത്ത്

**ഉത്തരവ്**

പിഎംഎവൈ (നഗരം)-ലൈഫ് പദ്ധതിയിൽ, 07/08/2020-ലെ സെൻട്രൽ സാങ്ഷനിംഗ് & മോണിറ്ററിംഗ് കമ്മിറ്റി (സി.എസ്.എം.സി) അംഗീകാരം നൽകിയ 10465 ഗുണഭോക്താക്കളിൽ 30 നഗരസഭകളിൽ ഉൾപ്പെടുന്നതും പിഎംഎവൈ എംഐഎസിൽ അറ്റാച്ച് ചെയ്തതുമായ 4875 ഗുണഭോക്താക്കൾക്ക് (SC-847, ST 65, General-3963) ആകെ കേന്ദ്ര വിഹിതമായി ലഭിക്കേണ്ട 7312.50 ലക്ഷം രൂപയിൽ ആദ്യഗഡുവായി 2,925 ലക്ഷം രൂപ (40%) തുക മേൽ സൂചന-2 ലെ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. പ്രസ്തുത തുക പിഎംഎവൈ (നഗരം)-ലൈഫ് പദ്ധതിയുടെ സംസ്ഥാന നോഡൽ ഏജൻസിയായ അർബൻ ഹൗസിംഗ് മിഷന്റെ അക്കൗണ്ടിൽ ലഭ്യമാക്കുവാൻ സൂചന 3 ലെ കത്ത് പ്രകാരം ഇ ഡി കുടുംബശ്രീ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. കേന്ദ്രസർക്കാർ വിഹിതത്തിന് ഗുണഭോക്താക്കൾക്കായുള്ള ആനുപാതികമായ സംസ്ഥാന വിഹിതം 975 ലക്ഷം രൂപയാണ്. എന്നാൽ മേൽ സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരം 100 കോടി രൂപ സംസ്ഥാന വിഹിതം ലഭ്യമാക്കിയതിനാൽ, 89.22 കോടി രൂപ നിലവിൽ മുൻകൂർ തുകയായി നിൽക്കുന്നുണ്ട്; ആയതിനാൽ ഇപ്പോൾ ലഭ്യമായ കേന്ദ്ര വിഹിതത്തിന് സംസ്ഥാന വിഹിതം ലഭ്യമാക്കേണ്ടതില്ല എന്നും ഇ ഡി കുടുംബശ്രീ സൂചന 3 പ്രകാരം അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിഎംഎവൈ (നഗരം)-ലൈഫ് പദ്ധതി സെൻട്രൽ സാങ്ഷനിംഗ് & മോണിറ്ററിംഗ് കമ്മിറ്റി (സി.എസ്.എം.സി) അംഗീകാരം നൽകിയ പിഎംഎവൈ എംഐഎസിൽ അറ്റാച്ച് ചെയ്ത 4875 ഗുണഭോക്താക്കൾക്ക് (SC-847, ST 65, General-3963) ആകെ കേന്ദ്ര വിഹിതമായി ലഭിക്കേണ്ട 7312.50 ലക്ഷം രൂപയിൽ ആദ്യഗഡുവായി 2,925 ലക്ഷം രൂപ; പി.എം.എ.വൈ (നഗരം)

പദ്ധതിയുടെ സംസ്ഥാന തല നോഡൽ ഏജൻസിയായ അർബൻ ഹൗസിങ് മിഷന്റെ ICICI : A/C No: 033601001669, IFSC: ICIC0000336 പഴയ റോഡ് ബ്രാഞ്ച്, മെഡിക്കൽ കോളേജ് എന്ന അക്കൗണ്ടിലേക്ക് ചുവടെ ചേർത്തിരിക്കും പ്രകാരം വിവിധ ശീർഷകങ്ങളിൽ കോർപ്പറേഷൻ/നഗരസഭകൾക്കായുള്ള കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡു (40%) ആകെ 2925 ലക്ഷം രൂപ അനുവദിച്ചുത്തരവാകുന്നു.

*തുക ലക്ഷത്തിൽ*

| ഹെഡ് ഓഫ് അക്കൗണ്ട് | അനുവദിച്ച കേന്ദ്ര വിഹിതം | ആനുപാതിക സംസ്ഥാന വിഹിതം | അർബൻ ഹൗസിംഗ് മിഷന് കേന്ദ്ര വിഹിതം |
|---|---|---|---|
| Corporation | | | |
| 2217-05-191-48 (16) General | 1359.60 | -- | 1359.60 |
| 2217-05-191-48 (18) SCP | 274.20 | -- | 274.20 |
| 2217-05-191-48 (20) TSP | 3.60 | -- | 3.60 |
| Municipality | | | |
| 2217-05-192-48 (15) General | 1018.20 | -- | 1018.20 |
| 2217-05-192-48 (17) SCP | 234 | -- | 234 |
| 217-05-192-48 (19) TSP | 35.40 | -- | 35.40 |
| TOTAL | 2925 | -- | 2925 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Barikumar

സെക്ഷൻ ഓഫീസർ

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളം മിഷൻ
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി